**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3888** **03-03-2023 - ൽ മറുപടിയ്ക്ക്**

**സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ജനജീവിതം ദുസ്സഹമാക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് ജനജീവിതം ദുസ്സഹമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | അത്തരം സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്.ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച് കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 സിആർപിസി പ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്. |
| (ബി) | കാലടിയിൽ നിന്നും എയർപോർട്ടിലേയ്ക്ക് പോയ കുടുംബം കുട്ടിക്ക് മരുന്ന് വാങ്ങാനായി വാഹനത്തിൽ നിന്നും പുറത്തിറങ്ങിയപ്പോൾ മുഖ്യമന്ത്രിയുടെ സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് തടഞ്ഞ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ആരോപണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം നടന്നു വരുന്നു. |
| (സി) | ശേഷം മരുന്ന് വാങ്ങാൻ മെഡിക്കൽ ഷോപ്പിൽ കയറിയ യുവാക്കളെ പോലീസ് ഉദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ബി പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | മരുന്ന് നൽകിയ മെഡിക്കൽ ഷോപ്പ് ഉടമയെയും പോലീസ് ഭീഷണിപ്പെടുത്തിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ബി പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ